**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 568** **21-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ കായൽ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തി ആലപ്പുഴയിൽ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **'Development of Backwaters Circuit in Alappuzha in Backwater Region as a mega Circuit in Kerala' എന്ന പദ്ധതിക്ക് 12.07.2013ലെ സ. ഉ. (സാധാ.) 5749/2013/ ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 21 ഘടകങ്ങൾക്കായി മൊത്തം 52.25 കോടി ചെലവ് കണക്കാക്കിയ പദ്ധതിയുടെ കേന്ദ്ര വിഹിതം 47.62 കോടി രൂപയും സംസ്ഥാന വിഹിതം 4.63 കോടി രൂപയുമായിരുന്നു. പദ്ധതിക്ക മുൻകൂർ വിഹിതമായി കേന്ദ്രം 9,52,00,000 രൂപ അനുവദിച്ചു.**<br><br>**വിവിധ കാരണങ്ങളാൽ കേന്ദ്ര സർക്കാർ പദ്ധതിക്ക് ബാക്കി തുക അനുവദിച്ചില്ല. 14.12.2015 ൽ ടൂറിസം മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പദ്ധതിക്ക് ചെലവഴിച്ച തുക ടൂറിസം വകുപ്പിൽ നിന്നും ഏജൻസികൾക്ക് നൽകാൻ തീരുമാനിച്ചു. 21 ഘടകങ്ങളിൽ 2 എണ്ണം ഒഴിവാക്കി ബാക്കി 19 പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കി. ഇവയുടെ വിശദാംശം ഇപ്രകാരമാണ്:**<br><br>**<u>പൂർത്തിയാക്കിയ പദ്ധതികൾ:</u>**<br><br>1. **ഹൗസ് ബോട്ട് ടെർമിനൽ അറ്റ് അരൂക്കുറ്റി**<br>2. **കഞ്ഞിപ്പാടം ഹൗസ് ബോട്ട് ടെർമിനൽ**<br>3. **നൈറ്റ് ഹാൾട്ട് ടെർമിനൽ അറ്റ് കരുമാടി വിളക്കുമരം**<br>4. **മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് അറ്റ് തഴുപ്പ്**<br>5. **മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് അറ്റ് വയ്യാങ്കരചിറ** |

| | | | |
|---|---|---|---|
| | | | 6. **മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് അറ്റ് കുതിരവട്ടംചിറ**<br>7. **ഇംപ്രൂവ്മെന്റ് ഓഫ് വാടെ കനാൽ ആൻഡ് കൊമേർഷ്യൽ കനാൽ**<br>8. **ആലപ്പുഴ ഹെറിറ്റേജ് ബിൽഡിംഗ് ആൻഡ് സ്ട്രീറ്റ്സ് ഡവലപ്മെന്റ് ആസ് എ ടൂറിസം പാക്കേജ്**<br>9. **ഡവലപ്മെന്റ് ഓഫ് വിജയാ പാർക്ക്**<br>10. **ഡലപ്മെന്റ് ഓഫ് സീ വ്യൂ പാർക്ക്**<br>11. **ഹൗസ് ബോട്ട് ടെർമിനൽ അറ്റ് തണ്ണീർമുക്കം**<br>12. **ഹൗസ് ബോട്ട് ടെർമിനൽ അറ്റ് നെടുമുടി**<br>13. **ഹൗസ് ബോട്ട് ടെർമിനൽ അറ്റ് തോട്ടപ്പള്ളി**<br><br>**<u>പ്രവർത്തനത്തിന് CRZ അനുമതി ലഭിക്കാനുള്ളവ:</u>**<br><br>**1. ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് അർത്തുങ്കൽ**<br><br>**2. ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് തോട്ടപ്പള്ളി**<br><br>**3. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് കായംകുളം**<br><br>**<u>ഇൻലാൻഡ് വാട്ടർ വേ അതോറിറ്റിയുടെ അനുമതി ലഭിക്കേണ്ടത്:</u>**<br><br>**1. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് പള്ളാത്തുരുത്തി**<br><br>**<u>പണി പൂർത്തിയായെങ്കിലും പ്രളയംമൂലം കേടുപാടുകൾ സംഭവിച്ചതിനാൽ അറ്റകുറ്റപ്പണി ആവശ്യമുള്ളത്:</u>**<br><br>**1. നൈറ്റ് ഹാൾട്ട് ടെർമിനൽ അറ്റ് വട്ടക്കായൽ**<br><br>**<u>പൂർത്തിയാക്കാൻ ബാക്കിയുള്ളത്:</u>**<br><br>**1. എസ്റ്റാബ്ളിഷിംഗ് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്സ്, വട്ടക്കായൽ** |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പദ്ധതിയിലെ 19 ഘടകങ്ങളിൽ 13 എണ്ണം പൂർത്തീകരിച്ചു. ബാക്കി ആറെണ്ണത്തിന്റെ നിലവിലെ സ്ഥിതി ഇപ്രകാരമാണ്.<br><br>ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് അർത്തുങ്കൽ, ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് തോട്ടപ്പള്ളി, ഹൗസ് ബോട്ട് ടെർമിനൽ അറ്റ് കായംകുളം എന്നിവയ്ക്ക് CRZ അനുമതി ലഭിക്കാനുണ്ട്.<br><br>പള്ളാത്തുരുത്തിയിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമാണം പൂർത്തിയായെങ്കിലും ഇൻലാൻഡ് വാട്ടർ വേ അതോറിട്ടിയുടെ അനുമതി ലഭിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | വട്ടക്കായലിലെ നൈറ്റ് ഹാൾട്ട് ടെർമിനൽ പൂർത്തിയായെങ്കിലും പ്രളയത്തെ തുടർന്ന് കേടുപാടുകൾ സംഭവിച്ചതിനാൽ അറ്റകുറ്റപ്പണി ആവശ്യമുണ്ട്.<br><br>വട്ടക്കായലിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമാണം പൂർത്തിയായിട്ടില്ല. M/s KITCO മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ കരാറുകാരെ ടെർമിനേറ്റ് ചെയ്തു. ബാക്കി പ്രവൃത്തികൾ ഈ കോൺട്രാക്ടറുടെ Risk & Cost വ്യവസ്ഥയിൽ നടപ്പാക്കാൻ M/s KITCO നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദ എസ്റ്റിമേറ്റും M/s KITCO തയാറാക്കുന്നുണ്ട്. |
| (സി) | പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിന് കോടികളുടെ നഷ്ടം സംഭവിച്ചു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (സി) | ഭരണാനുമതി പ്രകാരം കേന്ദ്ര സർക്കാർ അംഗീകരിച്ച് അറിയിച്ച തുക മുഴുവൻ അനുവദിച്ച് കിട്ടാത്തതിനാൽ ആ തുക സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടി വന്നു. പദ്ധതി പ്രകാരം നിർമാണം ആരംഭിച്ച 19 ഘടകങ്ങളിൽ പതിനെട്ടും പൂർത്തിയായി. എന്നാൽ CRZ അനുമതി ലഭിക്കാത്തതിനാൽ മൂന്ന് പദ്ധതികളും ഇൻലാന്റ് വാട്ടർവേ അനുമതിയും പ്രളയംമൂലമുണ്ടായ കേടുപാടുകൾ മൂലവും രണ്ട് പദ്ധതികളും പ്രവർത്തനസജ്ജമാക്കാൻ സാധിച്ചിട്ടില്ല. വട്ടക്കായലിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമാണം മാത്രമാണു പൂർത്തിയാക്കാനുള്ളത്. ഈ പദ്ധതിയുടെ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിരിക്കുകയാണ്. ഇത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പദ്ധതിയുടെ പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഭരണാനുമതി പ്രകാരം കേന്ദ്ര സർക്കാർ അംഗീകരിച്ച് അറിയിച്ച തുക മുഴുവൻ അനുവദിച്ച് കിട്ടാത്തതിനാൽ ആ തുക സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടി വന്നു. പദ്ധതി പ്രകാരം നിർമാണം ആരംഭിച്ച 19 ഘടകങ്ങളിൽ പതിനെട്ടും പൂർത്തിയായി. എന്നാൽ CRZ അനുമതി ലഭിക്കാത്തതിനാൽ മൂന്ന് പദ്ധതികളും ഇൻലാന്റ് വാട്ടർവേ അനുമതിയും പ്രളയംമൂലമുണ്ടായ കേടുപാടുകൾ മൂലവും രണ്ട് പദ്ധതികളും പ്രവർത്തനസജ്ജമാക്കാൻ സാധിച്ചിട്ടില്ല. വട്ടക്കായലിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമാണം മാത്രമാണു പൂർത്തിയാക്കാനുള്ളത്. ഈ പദ്ധതിയുടെ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിരിക്കുകയാണ്. ഇത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ